കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഗവൺമെന്റ് കോളേജ് ചേലക്കരയിൽ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ സൃഷ്ഠിച്ചിരുന്ന അദ്ധ്യാപക തസ്തികയെ കോട്ടയം സർക്കാർ കോളേജിലേയ്ക്ക് ഷിഫ്റ്റ് ചെയ്തും പ്രസ്തുത തസ്തികയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അസ്ഹർ. എസ്-ന് സ്ഥലംമാറ്റം നൽകിയും ഉത്തരവാകുന്നു.

ഉത്തരവ് നം: എ4/33013/2013/കോ.വി.വ (2) തിരുവനന്തപുരം, തീയതി : 31.12.2015

പരാമർശം: 1. 06.06.2014-ലെ സ.ഉ. (എം.എസ്) നം. 251/14/ഉ.വി.വ
2. 01.12.2015-ലെ സ.ഉ (എം.എസ്) നം. 668/15/ഉ.വി.വ
3. 17.07.2014-ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.

ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം തൃശൂർ ജില്ലയിലെ സർക്കാർ കോളേജ്, ചേലക്കരയിൽ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ ഒരു അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു. ഗവൺമെന്റ് കോളേജ് ചേലക്കരയിൽ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ മതിയായ വർക്ക് ലോഡ് ഇല്ലാത്തതിനാൽ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ഗവൺമെന്റ് കോളേജ് ചേലക്കരയിൽ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ അനുവദിച്ചിരുന്ന ഒരു ഫുൾടൈം തസ്തികയെ നാട്ടകം ഗവൺമെന്റ് കോളേജിലേക്ക് ഷിഫ്റ്റ് ചെയ്ത് ക്രമീകരിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (2) സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ കോളേജ് ചേലക്കരയിൽ പരാമർശം (1) പ്രകാരം സൃഷ്ടിക്കപ്പെട്ട പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിലെ ഒരു ഫുൾടൈം തസ്തികയെ നാട്ടകം ഗവൺമെന്റ് കോളേജിലേക്ക് 2016 ജനുവരി ഒന്ന് പ്രാബല്യത്തിൽ ഷിഫ്റ്റ് ചെയ്ത് ഉത്തരവാകുന്നു.

നിലവിൽ സർക്കാർ കോളേജ് ചേലക്കരയിൽ പ്രസ്തുത തസ്തികയിൽ പൊളിറ്റിക്കൽ സയൻസ് വിഭാഗം ലക്ചററായി സേവനമനുഷ്ഠിക്കുന്ന ശ്രീ അസ്ഹർ എസ്-നെ ഗവൺമെന്റ് കോളേജ് കോട്ടയത്തിലേക്ക് ഷിഫ്റ്റ് ചെയ്ത തസ്തികയിൽ നിയമിച്ചും ഉത്തരവാകുന്നു.

അദ്ധ്യാപകൻ വിടുതൽ/ജോയിൻ ചെയ്തത് സംബന്ധിച്ച് വിവരം പ്രിൻസിപ്പാൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
എം. നന്ദകുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്
1. പ്രിൻസിപ്പാൾ, സർക്കാർ കോളേജ്, ചേലക്കര
2. പ്രിൻസിപ്പാൾ, സർക്കാർ കോളേജ്, കോട്ടയം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, കോട്ടയം
4. ശ്രീ അസ്ഹർ. എസ്, സർക്കാർ കോളേജ്, ചേലക്കര
5. Controlling Officer, Attendance Management System
6. നടപ്പ് ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഒ.എസ്. 08.12.2015